# ദീപാവലി

S.P.C.S. LIBRARY
KOTTAYAM.
No. . . . . . . .

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണ
സംഘം ലിമിറ്റഡ്

[Malayalam]

# DEEPAVALI

(POEMS)

BY

ANANDAKUTTAN

First Impression September 1950
Second " November 1957

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM
Copies 1000

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
KOTTAYAM KERALA STATE

Re. 0·75

# ദീപാവലി

~~34846~~

3638

ആനന്ദക്കുട്ടൻ

KOTTAYAM PUBLIC LIBRARY
KOTTAYAM

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം — തിരുവനന്തപുരം

വില ക. 0.75

## ആനന്ദക്കുട്ടന്റെ കൃതികൾ

| | |
|---|---|
| ചീത | (സംഭാഷണഗാനം) |
| ആരാധന | (കവിതകൾ) |
| ദീപാവലി | ,, |
| കടലാസുമന്ത്രി | (വിനോദലേഖനങ്ങൾ) |
| മുള്ളുകൾ | ,, |
| പാപികളുടെ താഴ്വര | ,, |
| അറുകൊല | (ലഘുനാടകങ്ങൾ) |
| അശരീരി | (റേഡിയോനാടകങ്ങൾ) |
| ഭാവസൗരഭം | (ലേഖനങ്ങൾ) |
| വേലുത്തമ്പിദളവാ | (ബാലസാഹിത്യം) |
| അമൃതാഞ്ജനം | (വിനോദകഥകൾ) |

S749 B523 47/57-58

# അവതാരിക

ഏററവും അടുപ്പമുള്ള സ്നേഹിതന്മാരിൽ ചിലർ ശ്രീ. ആനന്ദക്കുട്ടനെ 'പുലയമഹാകവി' എന്നു നേരമ്പോക്കായി വിളിക്കാറുണ്ട്. അതു നേരിൽപാററിയ ഒരു നേരമ്പോക്കാണെന്നു് അദ്ദേഹത്തിൻെറ ചില കവിതകളെങ്കിലും വായിച്ചിട്ടുള്ളവർ സമ്മതിക്കുകയും ചെയ്യും. ഏകാന്തദീപ്തമെന്നു കരുതിപ്പോരുന്ന ഇക്കാലത്തും 'സ'കാരത്രയങ്ങൾ നിഷേധിക്കപ്പെട്ടിട്ടുള്ള ഒരധഃസ്ഥിതവർഗ്ഗത്തിൻെറ കണ്ണീരും പുഞ്ചിരിയും പകത്തിക്കാട്ടുന്നവയാണു് ആ കവിതകളിൽ നല്ലൊരംശം. "കണ്ടവർക്കായിട്ടുഴാനും നട്ടവാനും കററകൊയ്യാനും മെതിക്കുവാനും" മററുമായി സമുദായം നീക്കിനിറുത്തിയിരിക്കുന്ന ഈ 'ഇരുകാലിമാട്ട'കളുടെ ജീവിതത്തിലെ നിബിഡമായ അന്ധകാരവും അവിടവിടെ സ്ഫുരിക്കുന്ന പ്രകാശരശ്മികളും ഈ കവി അനുകമ്പാപൂർവ്വം വീക്ഷിക്കുന്നുണ്ട്. നാഴിമണ്ണു സ്വന്തമായിക്കിട്ടാൻ ചോര വെള്ളമാക്കി ചില്ലിക്കാശു മിച്ചം പിടിച്ചു് മൺകുടത്തിൽ ഇട്ടു സൂക്ഷിക്കുന്ന കാളിയുടെ മനക്കോട്ടകൾ മുതലാളിയുടെ കാപട്യത്തിനു മുമ്പിൽ ഇടിഞ്ഞു നിലംപതിക്കുന്നതും, തമ്പുരാൻ സമക്ഷം ഓണക്കാഴ്ചവയ്ക്കാൻ മുതലില്ലാതെ വലയുന്ന കരുമൻ അഴകിയുടെ കഴുത്തിൽനിന്നും വിവാഹത്താലിതന്നെ പൊട്ടിച്ചെടുക്കുന്നതും, മാടമ്പനായ തമ്പുരാൻ രാത്രികാലത്തു് മറനീക്കിക്കേറി ചെറുമിമാരുടെ ചാരിത്രം പിടിച്ചുപറിക്കുന്നതും മററും കരളലിയുന്നമട്ടിൽ തന്നെ ശ്രീ. ആനന്ദക്കുട്ടൻ വർണ്ണിച്ചുകാണിക്കുന്നുണ്ട്. അതോടൊപ്പം പരിഷ്കാരം തൊട്ടുതെറിച്ചിട്ടില്ലാത്ത ആ വർഗ്ഗത്തിൻെറ കർശനമായ ചാരിത്രനിഷ്ഠയും അഭിമാനബോധവും

അബോധപൂർവ്വം ആചരിക്കുന്ന ലോകസേവനവും അങ്ങിങ്ങു ചൂണ്ടിക്കാണിച്ച് നമ്മുടെ അനുകമ്പയെ അത്യധികം വർദ്ധിപ്പിക്കുന്നുമുണ്ട്.

"പുലയത്തലമുറ കേട്ടിട്ടില്ലിന്നോളം
പുലയിപിഴച്ച കഥകളൊന്നും.
പലനാളും പഞ്ഞം കിടന്നിട്ടുമിത്തൊഴിൽ
പരിചയിച്ചില്ലൊരു പെണ്ണുപോലും.
അടിയനെക്കൊല്ലണം—അടിയനും ചാവണം—
മുടിയട്ടെ മാനംകെട്ടത്തക്കൂട്ടം."

അവമാനംകൊണ്ടു കോപതാപങ്ങൾ തിളച്ചുമറിയുന്ന പുലയൻെറ ഹൃദയം വിശാലമായ ലോകത്തോട് വിളിച്ചുപറയുന്ന ഈ വാക്കുകളിൽ ശിഷ്ടതയോ ദുഷ്ടതയോ, നീചതയോ മാന്യതയോ, എന്താണ് പ്രതിഫലിക്കുന്നതെന്നു ചിന്തിച്ചു നോക്കുക. പരിഷ്കൃത ജനസമുദായത്തിൻെറ വിധിയെഴുത്ത്, അതൊരന്ധമായ നിശ്ചയമായിപ്പോയി എന്നു തന്നെ ആയിരിക്കും. അതിൽ അന്ധതയുണ്ട്; തീർച്ചതന്നെ. പക്ഷേ, താൻ വിലപ്പെട്ടതായി കരുതുന്ന ഒരു വിശ്വാസത്തിനുവേണ്ടി ആത്മബലിയർപ്പിക്കാൻ ഒരുങ്ങുന്ന ഒരുവനെ നീചനെന്നും ദുഷ്ടനെന്നും ഒഴുക്കൻ മട്ടിൽ പറയുന്നതത്ര ശരിയാണോ? അതുപോലെ തന്നെ മറുഭാഗവും; ശിക്ഷാർഹൻ ആരെന്നറിയാതെ, നിരപരാധിയായ കളത്രത്തെ വെട്ടിക്കൊന്നു കലിതീർത്ത ആ മനുഷ്യാധമൻ എത്ര പരിഹാസ്യനും ക്രൂരനുമാണ്? പക്ഷേ, അജ്ഞനായ ആ കുററവാളി അനുകമ്പനീയനല്ലേ? വിശേഷിച്ചും ആ അജ്ഞതയ്ക്കുത്തരവാദി അവനല്ലാതെവരുമ്പോൾ? ഇങ്ങനെ വിവിധ ചിന്തകളെ ഉദ്ദീപിപ്പിക്കുന്ന വികാരസങ്കുലമായ ഒരു സന്ദർഭമാണ് 'കുടിലിലെ കുരുതി' യിൽ കവി ആവിഷ്കരിക്കുന്നതു്. അഭിമാനബോധവും അജ്ഞതയും മാന്യതയും നീചത്വവും ധൈര്യവും ദൈന്യവും

സ്നേഹവും ക്രൗര്യവും ഏകത്ര സമന്വയിച്ചിട്ടുള്ള ഒരു സജീവ ചിത്രം ആ കുരുതികളത്തിലെ ചോരകൊണ്ടു വരച്ചിരിക്കുന്നതുകണ്ടാൽ ആരും പെട്ടെന്നു ഞെട്ടും; ഞെട്ടക്കം വിടാതെ തന്നെ ചിന്തിക്കുകയും ചെയ്യും.

'കുടിലിലെ കുരുതി'ക്കു പുറമേ ഈ സമാഹാരത്തിൽ നാലു കവിതകൾകൂടിയുണ്ട്, പുലയരുടെ ജീവിതത്തെ ചിത്രീകരിക്കുന്നവയായി. അവയിൽ ഒന്നുരണ്ടെണ്ണത്തിൻെറ പ്രമേയങ്ങളെപ്പററി ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അതായതു് ആ 'നാഴിമണ്ണി'ന്റേയും 'ഓണക്കാഴ്ച'യുടേയും കാര്യം. അവ കഴിഞ്ഞാൽ പിന്നെ ഒരു കൃതി താണജാതിക്കാരായ തൊഴിലാളികളുടെ മഹാശാപമായ മദ്യപാനശീലത്തെ അധികരിച്ചു രചിച്ചിട്ടുള്ള ഒരു സംഭാഷണമാണു്. മദ്യനിരോധനത്തെ അതിവിദഗ്ദ്ധമായി പ്രചരിപ്പിക്കുന്ന ഒരു സംഭാഷണം സരസമായി നിബന്ധിച്ചിരിക്കുന്നു ആ കൃതിയിൽ. പുലയരുടെ സംഭാഷണശൈലിയും പ്രയോഗവൈചിത്ര്യവും സൂക്ഷ്മമായി അനുകരിക്കാൻ ശ്രീ. ആനന്ദക്കുട്ടനുള്ള നൈപുണ്യം ഈ ലഘുകൃതിയെ വളരെയധികം ആകർഷകമാക്കിത്തീർത്തിട്ടുണ്ടു്. 'ചീത'യുടെ കർത്താവിനു് ഇക്കാര്യത്തിൽ സിദ്ധിച്ചിട്ടുള്ള വിജയം നമ്മെ അത്ഭുതപ്പെടുത്തുകയില്ല. മദ്യനിരോധനം മൂലം കുടിയനായ പുലയനുണ്ടാകുന്ന ദുഃഖവും കുടികൊണ്ടു മുടിഞ്ഞ മാടത്തിലെ പെണ്ണുംപിള്ളയ്ക്കുണ്ടാകുന്ന സുഖവും ആശ്വാസവും ഈ സംഭാഷണത്തിൽ അനുപദം വെളിപ്പെട്ടുത്തിക്കൊണ്ടു പോകുന്നു. അയത്നസുന്ദരമായ ആഖ്യാനത്തിൻെറ രസം അനുഭവിച്ചറിയാനേ പററുകയുള്ളൂ. 'ബാലപാഠം' എന്ന കവിതയിലെ ഭാഷാരീതി ലളിതവും അവക്രവുമാണു്. പക്ഷേ, 'കുടോത്ര'ത്തിലെപ്പോലെ സ്വാഭാവികവും കഥാപാത്രങ്ങളോടു് ഗാഢമായ അടുപ്പം പുലർത്തുന്നതും അല്ല. അതിനു കുടിലിലെ കുരുതിയെപ്പോലെയോ നാഴിമണ്ണിനെപ്പോലെയോ വികാര

തീവ്രതയും ഇല്ല. കവി അതിലെ പ്രമേയത്തെ തികച്ചും ഭാവനാധീനമാക്കിയിട്ടുണ്ടെന്നു വിശ്വസിക്കുവാനും വയ്യ. ഏതോ ഒരു മങ്ങലും അവ്യക്തതയും ജാഡ്യവും അതിനെ പിടികൂടിയിട്ടുണ്ടെന്നേ നമുക്കു തോന്നാൻ വഴിയുള്ളുതാനും. അധഃകൃതരുടെ നിരക്ഷരത്വത്തെപ്പററി പ്രതിപാദിക്കുന്ന ഒരു കവിത എന്നതിൽ കവിഞ്ഞു് അതിനു് യാതൊരു കലാപരമായ മെച്ചവും ഉണ്ടെന്നു് അഭിമാനിക്കാനില്ല.

'ഭിക്ഷു'യും 'പാപത്തിന്റെ പണ്ട്'വും ദാരിദ്ര്യത്തിന്റെ ഘോരഫലങ്ങളെ ആധാരമാക്കി രചിച്ചിട്ടുള്ള നാടകീയ ലഘുകാവ്യങ്ങളാണു്. ഒരിടത്തു് പിച്ചക്കാശിൽ കവിഞ്ഞ സൗജന്യങ്ങൾ പോലും അവമാനമുദ്രകളായി ഭയപ്പെടേണ്ടിവരുന്ന ദാരിദ്ര്യം, വേറൊന്നിൽ തന്റെ കാമക്കുത്തിനു വഴിപ്പെട്ടതിന്റെ ഫലമായി നേതൃത്വം വലിച്ചു ചുമലിൽകെട്ടേണ്ടിവരുന്ന ദരിദ്രയുവതിയുടെ ശിശുവിനെ സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും നിവൃത്തിയില്ലാതെ കുഴങ്ങി, ഒടുവിൽ മാനവും അന്തസ്സും കാത്തുരക്ഷിക്കാൻ ആ കുട്ടിയെ വലിച്ചു കടലിൽ എറിഞ്ഞിട്ടു് ഭ്രാന്തനായിത്തീരുന്ന യുവാവിന്റെ ചിത്തവൈവശ്യം—ഇങ്ങനെ രണ്ടു പ്രമേയങ്ങളാണു് ഈ കൃതികളിൽ ഉള്ളതു്. നാടകീയസംഭാഷണങ്ങളെ കവിതാരൂപത്തിൽ നിബന്ധിച്ചിരിക്കുന്ന ഈ കൃതികളിൽ ഭാവഗൗരവം വേണ്ടിടത്തോളം കാണുന്നില്ല. നാടകത്തിൽ സംഭാഷണത്തിനുണ്ടായിരിക്കേണ്ട സ്വാഭാവികത പരിരക്ഷിക്കാൻ നോക്കിയവഴി കവിതയും കവിതയുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിനില്ക്കാൻ നിർബന്ധംകാണിച്ചതുകൊണ്ടു് നാടകീയതയും ഒട്ടുവളരെ നിഹനിക്കപ്പെട്ടിട്ടുണ്ടു്. അങ്ങനെ ആ കൃതികൾ നമ്മുടെ ഹൃദയത്തിൽ ഗാഢമുദ്ര പതിപ്പിക്കാൻ ശക്തിയില്ലാതെ വാടിത്തളർന്നു നില്ക്കേണ്ടതായും വന്നു.

പുലയന്റെ പുൽമാടത്തിലേയ്ക്കും പിച്ചക്കാരിയുടെ മൺചട്ടിയിലേയ്ക്കും ശ്രീ. ആനന്ദക്കുട്ടനെ പിടിച്ചുവലിക്കുന്ന വിപ്ലവ

ബോധത്തിന്റെ പ്രഖ്യാപനങ്ങളാണ് 'ഹൃദയനാദ'വും 'തീനാമ്പു'കളും. അനുദിനം അന്തസ്സന്ദധ്വനിയിൽ കേൾക്കുന്ന കവിയുടെ അഭിലാഷങ്ങൾ—സമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും കൈവരുത്തുവാൻ കുതികൊള്ളുന്ന ഹൃദയത്തിന്റെ തുടിപ്പുകൾ, ചീഞ്ഞു നാറുന്ന ഒരു സാമ്പത്തിക വ്യവസ്ഥിതിയിൽനിന്നും പൊട്ടിപ്പുറപ്പെടുന്ന തീനാമ്പുകൾ ലോകസംഹാരക്ഷമമായ ദാവാഗ്നിയായി രൂപം മാറുമെന്ന് മർദ്ദകവർഗ്ഗത്തിനു നല്കുന്ന താക്കീതുകൾ, എന്നിവ കവിയുടെ ധാർമ്മികരോഷത്തേയും മനുഷ്യസ്നേഹത്തേയും സുശക്തമായി രേഖപ്പെടുത്തുന്നു. ആ കൃതികൾക്ക് ഈ സമാഹാരത്തിലെ മറ്റെല്ലാ കവിതകളേക്കാളും ചൂടും കരുത്തും ആവേശജനകത്വവും ഉണ്ടെന്നാണ് എന്റെ അനുഭവം. അത്തരം കവിതകളായിരിക്കട്ടെ കവിയുടെ ഭാവിമാർഗ്ഗദീപങ്ങൾ!

ഇൻഡ്യൻദേശീയസമരത്തിലെ ചില ഏടുകളേയും സംഭവങ്ങളേയും സന്ദർഭങ്ങളേയും ആദർശങ്ങളേയും അധികരിച്ച് അപ്പോഴപ്പോൾ എഴുതിയിട്ടുള്ള ചില കൃതികൾകൂടി ഈ സമാഹാരത്തിലുണ്ട്. വിദ്യാർത്ഥിസമരപ്രസ്ഥാനം, ഇൻഡ്യൻദേശീയസേന, ഇൻഡ്യൻ സ്വാതന്ത്ര്യദിനം, ചക്കിയുടെ സന്ദേശം, ഇങ്ങനെ പല വിഷയങ്ങളാണ് ഈ ലഘുകൃതികളിലെ പ്രതിപാദ്യങ്ങൾ. അവയിൽ നിയതവും വിശദവുമായ ഒരു രാഷ്ട്രീയ ചിന്താഗതി ഉണ്ടെന്നു പറഞ്ഞുകൂടാ. താൽക്കാലികങ്ങളായ രാഷ്ട്രീയസംഭവങ്ങൾ കവിയുടെ മനസ്സിൽ ഉൽപാദിപ്പിച്ച ചില ചലനങ്ങളുടെ ബാഹ്യപ്രകടനങ്ങൾ എന്ന നിലയിൽമാത്രമേ അവ പരിഗണിക്കപ്പെടേണ്ടതുള്ളു. അത്ര മാത്രമേ കവിക്ക് ഉദ്ദേശ്യമുള്ളു എന്നും തോന്നിപ്പോകുന്നു.

തിരുവനന്തപുരം
7–9–'50

എൻ. കൃഷ്ണപിള്ള

3638

## ഉള്ളടക്കം

കുടിലിലെ കുരുതി

ഭിക്ഷ

കാഹളം

ഒരുതുള്ളി രക്തം

ഹൃദയനാദം

നാഴിമണ്ണ്

തീനാമ്പുകൾ

മുഹൂർത്തം

ഉയിർത്തെഴുന്നേൽപ്പ്

'നേതാജി'

ചക്രഗാഥ

ബാലപാഠം

പാപത്തിൻെറ പണ്ടം

'അവളുടെ കുടോത്രം'

ഓണക്കാഴ്ച

കള്ളനാണയം

# കുടിലിലെ കുരുതി

വിറകൊണ്ട 'ഭരത'നാത്തടിയറ്റതലപോലു–
മരിവാളാൽ കൊത്തിവലിക്കയത്രേ!

പുലയിയെത്തുണ്ടുതുണ്ടാക്കിക്കഴിഞ്ഞിട്ടും
കലിയവന്നേതുമടങ്ങിയില്ല!

തലയവൻ കൈയിലെടുത്തുപിടിച്ചുകൊ–
ണ്ടലറുന്നു; തുള്ളുന്നു; കൂത്താടുന്നു.

അയൽവീട്ടുകാർ വന്നുകൂടുന്നു; കൊലയാളി
വയൽകടന്നെങ്ങോട്ടോ പാഞ്ഞിടുന്നു.

അവിടെയാച്ചോരയിൽ മുങ്ങിക്കിടക്കയാ–
ണവളുടെ മേചകകായഖണ്ഡം.

കഥയറിയാത്തവർക്കമ്പരപ്പേറുന്ന
വ്യഥയും ഭയവും വളൎന്നിടുന്നു.

അവരദ്ധരാത്രിക്കും ഭരതന്റെ ചക്രപ്പാ–
ട്ടുകലെക്കേട്ടുള്ളംകുളുത്തതത്രേ!

നറുനിലാപ്പാലാഴിക്കളളിലീരക്തത്തിൻ
കറപിന്നെയെങ്ങനെ വന്നതാവോ!

ii

ഭരതനാത്തലയുമായ് കച്ചേരിത്തിണ്ണയി-
ലിരുളിന്റെ തൂണപോൽ ചെന്നുനിന്നു.

വിറയലടങ്ങിയില്ലപ്പോഴും; പല്ലുകൾ
ഞെരിയുന്ന ശബ്ദമിടയ്ക്കുകേൾക്കാം.

വെളിപാടുകൊണ്ടൊരാക്കൊലയാളിയിങ്ങനെ
വിളികൂട്ടി, കേൾക്കുവാനാളുകൂടി:

"അടിയനെക്കൊല്ലണം—അടിയനും ചാവണം
മുട്ടിയട്ടേ മാനംകെട്ടതക്കൂട്ടം.

പുലയത്തലമുറകേട്ടിട്ടില്ലിന്നോളം
പുലയിപിഴച്ച കഥകളൊന്നും.

പലനാളും പഞ്ഞംകിടന്നിട്ടുമിത്തൊഴിൽ
പരിചയിച്ചില്ലൊരുപെണ്ണുപോലും.

അവളെ ഞാൻ താലിയണിയിച്ച കൈയിനാ-
ലവിടെവച്ചിപ്പോൾ വകവരുത്തി.

തലവീശി തമ്പുരാ, തലവീശി,—നാളത്തെ-
പ്പുലയരിതങ്ങു മറന്നുപോട്ടേ.

അടിയനെക്കൊല്ലണം—അടിയനും ചാവണം
മുടിയട്ടേ വംശംകെട്ടതക്കൂട്ടം."

അവനയ്യോ, വാവിട്ടു കേണുപോയങ്ങിതി-
ന്നവസാനംവന്നപ്പോഴെന്തുകൊണ്ടോ!

ഒരുമാസം ചെന്നപ്പോളയലത്തെപ്പെണ്ണിന–
ന്നറിയാതൊരുനാളിൽ 'ബാധകേറി'

അവളെന്തോ ജല്പിക്കു;മാരെയോ ശാസിക്കും
അവമാനമെന്നുപറഞ്ഞുകേഴും:

"മറയോനാം തമ്പ്രാനീരാത്രിയിൽ മാടത്തിൻ
മറനീക്കിക്കേറിയതെന്തിനാവോ"...

"ഇതുവല്ലോമങ്ങേരറിഞ്ഞെങ്കിൽ, തൈവമേ
തലകൊയ്യും; തമ്പുരാ, വേണ്ട വേണ്ട"...

"അറിവുള്ളോരിങ്ങനെ മെനകേട്ട കാട്ടിയാൽ
കുറവല്ലേ, തമ്പുരാ വേണ്ട വേണ്ട"...

"വയലിലാപ്പാട്ടുന്നതങ്ങേരാ തമ്പുരാ
വരുമിപ്പോളൊരുവേള, വേണ്ട വേണ്ട"...

ഇതുകേൾക്കെച്ചിലതൊക്കെയോർമ്മിച്ചു പകവീട്ടാൻ
കുതികൊണ്ടുപോയീ പുലയരെല്ലാം.

# ഭിക്ഷ

(നാടകീയ ലഘുകാവ്യം)

[അന്ധനായ ഒരു വൃദ്ധനും അയാളുടെ ചെറുപ്പക്കാരിയായ മകളും തെരുവിൽ ഭിക്ഷയാചിച്ചു നടക്കുകയാണ്. അവരുടെ പിച്ചപ്പാത്രത്തിൽ കൃശഗാത്രനായ ഒരു യുവാവ് അരരൂപാ ഇട്ടുകൊടുത്തു. അയാൾ തെരുവിൽനിന്നു വലത്തുവശത്തേക്കുള്ള ഊടുവഴിയിൽക്കൂടി നടന്നു മറഞ്ഞു.]

പിച്ചക്കാരി

നീട്ടുവാൻമടിച്ചു ഞാനെങ്കിലും പാത്രത്തിലേ
ക്കിട്ടുപോയ് വെള്ളിക്കാശൊന്നദ്ദേഹം നിരുദ്ദേശം!
ഇപ്പൊഴുമഴകോലുമാമന്ദസ്മിതത്തിന്റെ
സുപ്രഭ വിശേഷിച്ചു കാണാമീവെള്ളിക്കാശിൽ.
അന്ധനാമെൻതാതനിലാർദ്രനായാവാം പക്ഷേ,
ബന്ധുരനദ്ദേഹമിപ്പാത്രത്തെച്ചിരിപ്പിച്ചു.
വൃത്തിഹീനയാമൊരു പിച്ചക്കാരിയെക്കണ്ടാ
ലിത്രയ്ക്കുമനുകമ്പതോന്നുവാൻ മറ്റെന്തുള്ളൂ?
മിന്നലിൻകണക്കൊരു മാത്രയിൽ മറഞ്ഞല്ലോ
മന്നിൽഞാനാദ്യംകണ്ട മഞ്ജുളസ്വപ്നം, കഷ്ടം!

വൃദ്ധൻ

മകളേ, ധർമ്മംചോദിക്കാത്തതെന്താടീ കുഞ്ഞേ?
മടിയാണെങ്കിലിന്നി ഞാനാവാം കുറേനേരം.

പിച്ചക്കാരി

ഇന്നത്തെവിശപ്പാറ്റാനെട്ടണയുണ്ടച്ഛാ,നാം
പിന്നെയുമിരന്നിനിയെന്തിനുനടക്കേണം?

വൃദ്ധൻ

എട്ടണയുണ്ടോ തങ്കം!—എട്ടണ!—നോക്കട്ടെടീ
പൊട്ടിയകണ്ണിൽചേർത്തൊന്നാനന്ദിക്കട്ടേയച്ഛൻ.

(നാണയം വാങ്ങി മിഴിയോടണച്ചിട്ട്)

ആരുതന്നെടീകുഞ്ഞേ നമ്മൾക്കീയരുപ്പാ?—
ആരായാലെന്തദ്ദേഹം നന്നായിവരും കുഞ്ഞേ!

പിച്ചക്കാരി

നമ്മുടെപാത്രത്തിലിക്കാശുവീണതുംപെട്ട-
ന്നമ്മാന്യൻ മറഞ്ഞതും നിമിഷത്തിലാണച്ഛാ!

വൃദ്ധൻ

മാന്യനോ കുഞ്ഞേ? ഏതുമാന്യനാ? ചെറുപ്പമോ?
കന്യയാം നിന്നെക്കണ്ടു വല്ലതും ഭാവിച്ചാണോ?

പിച്ചക്കാരി

ദോഷമുണ്ടദ്ദേഹത്തെയന്യഥാ ശങ്കിച്ചെന്നാൽ
വേഷവും പ്രകൃതവുമത്രയ്ക്കു നന്നാണച്ഛാ!

വൃദ്ധൻ

നീയെന്തുകണ്ടു കുഞ്ഞേ ലോക,മപ്പച്ചപ്പാവ-
മായിരിക്കുമീരാത്രി കാലനായ് മാറുന്നതും.

(ദീനസ്വരത്തിൽ)

കണ്ണില്ലാക്കുരുടന്റെ കൈയിലാണേൽപ്പിച്ചതു
കന്യയാം നിന്നെയീശൻ തെരുവിൽ വളർത്തുവാൻ...
കഷ്ടമേ, നീയാക്കാശു വാങ്ങിച്ചല്ലോടീ കുഞ്ഞേ?
പട്ടിണികിടന്നാലുമാപത്തിൽ കുടുങ്ങാമോ?

പിച്ചക്കാരി

ഞാനെന്തോ മിണ്ടാതങ്ങു നിന്നുപോ,യദ്ദേഹത്തെ-
ക്കാണുവാൻ കഴിഞ്ഞില്ലാ പിന്നെയസ്ഥലത്തെങ്ങും.

വൃദ്ധൻ

അയ്യയ്യോ, നിനക്കെന്തോ തോന്നിയിട്ടുണ്ടല്ലെങ്കിൽ
നീയിതുവാങ്ങിച്ചിട്ടും മിണ്ടാതെ നിൽപ്പാനെന്തേ?

പിച്ചക്കാരി

ശങ്കിക്കയത്രേയച്ഛനക്കാരുണ്യത്തെക്കാമ-
കൈങ്കര്യം സമ്പാദിച്ച കള്ളനാണയമായി!
വേദനിക്കയാണച്ഛൻ!—വേണ്ടാ ഞാനിതാപോയി
വേഗമീവെള്ളിക്കാശു മടക്കിക്കൊട്ടത്തേയ്ക്കാം.

(നടന്നു മറയുന്നു.)

(തെരുവിൽ ആളുകൾ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. കൈയിലൊരു കാട്ടുകമ്പ് ഊന്നി വൃദ്ധൻ മകളെത്തേടി നടക്കുന്നു.)

വൃദ്ധൻ

മകളേ!—തങ്കം?—തങ്കം?—നീയെങ്ങുപോയീ
കുഞ്ഞേ?
മകളേ, പിണങ്ങൊല്ലേ,—അച്ഛനും പിണങ്ങുമേ!—

(നടക്കുന്നു.)

എവിടെത്തപ്പിത്തടഞ്ഞയ്യയ്യോ തിരയും ഞാ-
നവളെക്കാണാഞ്ഞെന്റെ നെഞ്ചകം തുടിക്കുന്നു.

(വീണ്ടും തപ്പിത്തിരഞ്ഞു കറങ്ങുന്നു.)

മകളേ?—മകളേ?—യജമാനന്മാരേയെന്റെ
മകളെക്കണ്ടോ?—കണ്ണുപൊട്ടനെ രക്ഷിക്കണേ!

(തെരുവിന്റെ വേറൊരുഭാഗം. സന്ധ്യാസമയം. പിച്ചക്കാരി വഴിവക്കിൽ അവളുടെ ഉപകർത്താവിനെ സമീപിച്ച് അർത്ഥരൂപാ നീട്ടുന്നു.)

പിച്ചക്കാരി

എവിടെല്ലാമന്വേഷിച്ചു യജമാനനെപ്പാവ-
മിവളീവെള്ളിക്കാശു മടക്കിത്തരാൻവേണ്ടി!

ദയവായിതങ്ങോട്ട വാങ്ങണേ, പാവങ്ങൾക്കു
ഭയമാണൊരുകാശിൽക്കൂടുതൽ ധർമ്മംവാങ്ങാൻ
മറക്കില്ലവിടുന്നു കാട്ടിയോരീയൗദാര്യം
മരിച്ചാൽപ്പോലും,മെന്നാലിപ്പിഴപൊറുക്കണേ!

(ഒരു നെടുവീർപ്പിട്ടു്, തലകുമ്പിട്ടു് നടന്നു മറയുന്നു.)

യുവാവു്

സഹതാപത്തിൻപേരിൽ ഞാൻചെയ്തദാനം നിന്ദ്യ
സഹവാസത്തിന്നുള്ള കൈക്കൂലിയായു് നീയെണ്ണി!
എന്തിനുപഴിക്കുന്നു കന്യകേ, നിന്നെ ലോക-
മെന്തെല്ലാം പഠിപ്പിച്ചുകാണുമീ വയസ്സിങ്കൽ!—
മാമകാനുതാപത്തിൻ രേഖയായീബാഷ്പത്താൽ
കോമളേ, നിന്നെയൊന്നു പൂജിച്ചുകൊള്ളട്ടേ ഞാൻ.

(മിഴികളിൽ അശ്രുക്കൾ നിറയുന്നു.)

# കാഹളം

(ഇന്ത്യൻ ദേശീയസേനയിലെ വീരഭടന്മാരെ ശിക്ഷിക്കുന്നതിനെതിരായി ഭാരതമാകെ മുറവിളികൂട്ടിയകാലത്തു് എഴുതിയതു്.)

അടിമത്തച്ചങ്ങല പൊട്ടിച്ചെറിയുവാ-
നടരാടിപ്പോയതു കുററമായി!
ജനിനല്കിപ്പോററിയ നാടിനെ രക്ഷിപ്പാൻ
പണിചെയ്താലതു രാജദ്രോഹമായി!
അധികാരിവർഗ്ഗത്തിന്നടിമതൻ പ്രാണൻെറ
കഥപോലും കേവലം ലീലയായി!

അവരതാനിൽക്കുന്നു സാമ്രാജ്യശക്തിത-
ന്നവധാനചിന്താവിഷയമായി!
അവരതാ നിൽക്കുന്നു ഭാരതഭൂവിൻെറ
അഭിമാനപ്പൊന്മണിസ്തംഭമായി!
അവരെയറിയില്ലേ?—നിങ്ങളറിയില്ലേ?—
അവരിന്ത്യൻ ദേശീയസേനയത്രേ!
അവർ ജീവരക്തത്താലൊപ്പിട്ട നാട്ടിൻെറ
അവമാനംപോക്കാൻ തുനിഞ്ഞതത്രേ!
കലഹിച്ചുകലഹിച്ചുകഴിയുന്ന നമ്മുടെ
തലയിൽ ചവിട്ടും വിദേശിവർഗ്ഗം—
നിയമത്താൽ നമ്മുടെ ജന്മാവകാശത്തെ
നിയതം നിയന്ത്രിക്കും നിന്ദ്യവർഗ്ഗം—
യുവഭാരതത്തിൻെറ വീരസിംഹങ്ങളെ
അവിടെത്തുറുങ്കിലടച്ചുപൂട്ടി!

പ്രതിഷേധമിതിലെങ്ങാൻകാട്ടിയാൽപിന്നത്തെ
കൃതിയൊക്കെയയ്യോ വികൃതിയത്രേ!
വെടിയുണ്ടതുപ്പുന്ന തോക്കുകൾ ഗർജ്ജിക്കും
തടിതല്ലിക്കീറുവാൻ ലാത്തിപൊങ്ങും!

അടിമക്കിടാങ്ങളേ, വിദ്യാർത്ഥിവൃന്ദത്തിൻ
ചുട്ടചോരയൊഴുകുന്നു ബംഗാളത്തിൽ!
നിണമണിഞ്ഞയ്യോ കിടക്കുന്നു പാതയിൽ
ചുണയെഴും ബോസിൻെറ പിന്മുറക്കാർ!
സഹജാതർ ചിന്തിയ രക്തം പുരട്ടിയീ—
മഹിയിൽ ജയക്കൊടി നാട്ടുവാനായ്,
വിരയുന്ന സാമ്രാജ്യദുർമ്മോഹം നമ്മുടെ—
യരുമക്കിടാങ്ങളെക്കുരുതിയൂട്ടി!
സിരകളിൽ ചോര മരവിച്ചതൊക്കെയു—
മുരുകിത്തിളയ്ക്കേണ്ടതിപ്പോഴത്രേ!
ഉണരുവിൻ, സോദരീ സോദരന്മാരേ, നാ—
മണിചേർന്നു നില്ക്കേണ്ടതിപ്പോഴത്രേ!
ജവഹരി—ഭാരതസ്സുവഹരി—നമ്മൾക്കു
നവജീവൻ നല്കി നയിച്ചുകൊള്ളും!
ജയ്ഹിന്ദൊന്നാവണം നമ്മൾതൻ സന്ദേശം
ജയ്ഹിന്ദൊന്നാവണം മുദ്രാവാക്യം!
ഭരണാധികാരികൾക്കുള്ളം കിടുങ്ങുമാ—
റുയരട്ടെ ജയ്ഹിന്ദിൻ മാറൊലികൾ!

# ഒരുതുള്ളി രക്തം

ചിരിക്കയാണിപ്പോഴമാ രക്തബിന്ദു നമ്മുടെ
ചരിത്രത്തിന്നേടുകളെപ്പവിത്രമാക്കി!
അവിടെയാ ബംഗാളത്തെപ്പൂഴിമണ്ണിൽ വിദ്യാർത്ഥിത-
ന്നവകാശം സ്ഥാപിക്കുവാൻ ചിന്തിയരക്തം
ചിരിക്കയാണിപ്പോഴം ഹാ, നമ്മെനോക്കി നമ്മുടെ,
ചരിത്രത്തിന്നേടുകളെപ്പവിത്രമാക്കി!
ഉണ്ണിക്കാലാലടിവച്ച്, ചോരിവായാൽ 'ജേയ്'വിളിച്ചു,
മുന്നോട്ടേയ്ക്കു പിച്ചവച്ച പൊൽത്തിടമ്പിനെ
എതിരേല്ക്കാനണഞ്ഞതു പുഞ്ചിരിയല്ലയ്യോ, മാംസം
ചിതറിക്കുമിരുമ്പിൻെറയിരമ്പലത്രേ!
രാഷ്ട്രങ്ങളെ വിഴങ്ങുന്ന കഴുകൻെറ ചിറകുകൾ
വെട്ടിവെട്ടിന്നുറുക്കുവാൻ ഖഡ്ഗവുമേന്തി,
സമത്വത്തിൻ നെട്ടംതൂണായ് നില്ക്കുകയാണവർപോലും!
നമുക്കതിൽ മറിച്ചൊന്നും പറഞ്ഞുകൂടാ.
അവരിലുമലിവേറുമിരുമ്പേ, നിൻപ്രതിഷേധ-
ധ്വനിയാവാമിരമ്പലായുയന്നതെല്ലാം!
ഒരുതുള്ളി രക്തം!—പിഞ്ചുപൈതലിൻെറ നിർമ്മലമാ-
മൊരുതുള്ളിരക്തമാദ്യം വാർന്നുവീഴവേ,
അറിഞ്ഞതില്ലാരുമതു സാമ്രാജ്യത്വഭരണത്തി-
ന്നറുതിയെക്കുറിക്കുന്ന വിരാമമെന്നായ്!
ചിരിക്കയാണിപ്പോഴമാ രക്തബിന്ദു നമ്മുടെ
ചരിത്രത്തിന്നേടുകളെപ്പവിത്രമാക്കി.

---

വിദ്യാർത്ഥികളുടെ അവകാശസ്ഥാപനത്തിനായി കൽക്കട്ടായിലെ ഒരു തെരുവീഥിയിൽവച്ച് വെടിയേററുമരിച്ച രമേശ്ചന്ദ്രബാനർജിയുടെ ഒരുതുള്ളി രക്തമാണ് ഈ കവിതയിലെ പ്രതിപാദ്യം.

# ഹൃദയനാദം

അനുദിനമനുദിനമന്തസ്സ്പന്ദ—
ദ്ധ്വനിയിൽ കേൾക്കാമഭിലാഷങ്ങൾ:
എരിയണമെരിയണമെന്റെ ശരീരം
പെരുമകളൊക്കെച്ചുട്ടുകരിക്കാൻ;
ഉരുകണമുരുകണമെൻറഹൃദന്തം
കരുണാർദ്രതയായൊഴുകിയിറങ്ങാൻ;
ഉണരണമുണരണമെന്നുടെ വീര്യം
വിനയൊടെതിർത്തു ജയക്കൊടിനാട്ടാൻ;
ഉയരണമുയരണമെൻകരവാളം
ഉയിരുകെടുത്തുമനീതിയെ വീഴ്ത്താൻ;
ഉതകണമുതകണമെൻ നെടുവീർപ്പുകൾ
പതിതരെയെന്നും വീശിയുറക്കാൻ;
അണിയണമണിയണമെന്നുടലെല്ലാം
അടർനിലമേകിയ കുങ്കുമപങ്കം;
അടയണമടയണമെന്നുടെനേത്രം
ചടുലകടാക്ഷവിലാസസമക്ഷം;
ഉലയണമുലയണമുലകിടമെല്ലാം
നിലയിതുപോയിനവസ്ഥിതിവരുവാൻ!
അടിമകളടിമകളതുകേൾക്കുമ്പോ—
ളഭിമാനത്തിനു വേദനകൊള്ളും.
അനവധിയനവധിയടിമകൾ ചേർന്നാൽ
അണയിതുപൊട്ടിച്ചീറിപ്പാഞ്ഞാൽ,
അതുമതിയതുമതി ചോരയൊഴുക്കാൻ
അതുമതിയതുമതി ലോകമൊട്ടുക്കാൻ!

## ‘നാഴിമണ്ണ്’

നാഴിമണ്ണെങ്ങാനും വാങ്ങണ,മങ്ങനെ
കാളിക്കൊരാഗ്രഹംതോന്നി.
ചത്താലവനെക്കുഴിച്ചിടാനന്നതി–
ലൊത്തെങ്കിലെന്നവനോർത്തു.
നാണയത്തുട്ടിനു വായുംപിളർന്നതാ
കോണിലൊരുകുടംകാണാം.
മാടത്തിനുള്ളിലാമൺകുടംവച്ചിട്ടു
മാസംപലതുകഴിഞ്ഞു.
കൂലിയായ്കിട്ടിയ നെല്ലെല്ലാംവിറ്റതിൽ
നാലഞ്ചുരൂപാകിടച്ചു.
നാൾതോറുമന്തിക്കു മാടത്തിലെത്തുമ്പോൾ
കാളിയാമൺകുടംനോക്കും.
“കള്ളാ നിനക്കിനി യെത്രചെന്നാൽനിൻെറ
പള്ളയൊരുമ്മിണിവീർക്കും.”
പാവംപുലയൻെറ നിക്ഷേപകുംഭമീ–
വാചകംകേൾക്കണമെന്നും.
കാളിക്കുറക്കമില്ലൂണില്ലവനൊരു
നാഴിമണ്ണത്രേവിചാരം.
ആകെസ്വരൂപിച്ചതൊക്കെക്കൊട്ടത്തിട്ടു–
മാമൺകുടം നിറഞ്ഞില്ല.
കാണുന്നകൊച്ചുപുരയിടമോരോന്നും
വേണമെന്നുണ്ടവനെന്നാൽ,
ഏറെക്കഴിയണമിന്നിയും സമ്പാദ്യം
നൂറെന്നു ചൊല്ലുവാൻപോലും!

3638 ~~34846~~
KOTTAYAM PUBLIC LIBRARY
KOTTAYAM.

ആറ്റിൻകരയിലെക്കൊച്ചുപുരയിടം
വേറൊരുതമ്പുരാൻ വാങ്ങി.
പാടത്തിലേയ്ക്കുള്ള പാതയ്ക്കരികിലെ-
ക്കാടുപിടിച്ചപറമ്പും
ആയിരംരൂപയ്ക്കു മേടിച്ചു,യുദ്ധത്തിൽ-
പ്പോയിമടങ്ങിയതമ്പ്രാൻ.
കാളിക്കുമാത്രം പറമ്പൊന്നുവാങ്ങുവാൻ
സാധിച്ചതില്ലിത്രനാളും.
മാടത്തിൻമുറ്റത്തുവ്ന്നൊരുതമ്പുരാൻ
കാളിയെ നീട്ടിവിളിച്ചു.
എന്തോചിലതവർ മന്ത്രിച്ചു, കാളിക്കി-
തെന്തൊരുസന്തോഷമാവോ!...
മൺകുടംമുറ്റത്തു ചിന്നിയതുട്ടിൻെറ
സംഗീതംമാറ്റൊലികൊണ്ടു.
ആകെയറുപതു രൂപയുണ്ടൊക്കെയും
വേഗമാത്തമ്പുരാൻവാങ്ങി.
ആവഴിവക്കിലെ മൂന്നരസെൻെറാരു
പാവം പുലയൻേറതായി
കാളിയിളയ്ക്കാതെ വസ്തുവാങ്ങിച്ചതു
വേലികൊണ്ടൊന്നുതിരിച്ചു;
കട്ടത്തറപ്പുറ്റിളക്കിയവിടെല്ലാം
വെട്ടിമറിച്ചുകിളച്ചു;
നാഴികയൊട്ടേറെച്ചുമ്മിപ്പലതരം
വാഴകൾകൊണ്ടന്നുനട്ടു.
അങ്ങൊരുമൂലയിൽ ചാഞ്ഞുനിൽക്കും കൊന്ന-
ത്തെങ്ങിനും നൽതടംതീർത്തു.
മാടമൊന്നായതിൻ മദ്ധ്യേചമയ്ക്കുവാ-
നീട്ടുള്ള കമ്പുകൾതേടി.

കാട്ടും മലകളും കേറിക്കുറേമര—
ക്കാലുകൾ തോളത്തുപേറി
പാവംവരുന്നതു കണ്ടുശിപായിക്കു
ഭാവംപകൎന്നയാളോതി:
"എന്തിനു നീയിപ്പുറമ്പോക്കുവസ്തുവിൽ
ചിന്തുന്നു നിൻവിയർപ്പെല്ലാം?
കേസായിട്ടുണ്ടിതാ നോട്ടീ,സിതിൽ നിന്റെ
കയ്യൊപ്പുവാങ്ങുവാൻവന്നു."
കാളിവിറങ്ങലിച്ചാനില്ലനിന്നുപോയ്
കാലിളകീലവന്നേതും.
ഒന്നുനെടുതായി നിശ്വസിച്ചപ്പാവം
തന്നത്താനിങ്ങനെയോതീ:
"നാഴിമണ്ണിന്നുകൊതിച്ചിട്ടെനിക്കിന്നു
വായിൽ മണ്ണാക്കിയോ ദൈവം?"

# തീനാമ്പുകൾ

നാളെ നന്നാകുമീ നാടെന്നുറച്ചിത്ര-
നാളും സഹിച്ചു നാം പട്ടിണിപ്പാട്ടുകൾ.
നാളെ—യാ'നാളെ'—വരുന്നതെന്നാണിനി—
ക്കാളും വിശപ്പത്രുകാലം പൊറുക്കുമോ?

ദാരിദ്ര്യബാധതൻ തീനാമ്പുകൾകൊണ്ടു
പൂരിച്ചുനിൽക്കും ജഠരത്തിൽനിന്നിതാ,
തീപ്പൊരിച്ചാർത്തുകൾ മേല്പോട്ടു പൊങ്ങുന്നു
വീർപ്പിന്റെ വീടായ നെഞ്ചിനെ നീറുവാൻ.
മാളികത്താഴത്തു കാണും കുടിഞ്ഞിലി-
ലാളിപ്പിടിക്കയാണഗ്നിശലാകകൾ!
കത്തുന്ന കൊള്ളിയായ്മാറുന്നു കേവല-
മസ്ഥിമാത്രാംഗരാമൊട്ടുപേരൊട്ടുപേർ;
ഉള്ളാകെ വെന്തുവെന്തുൽഗളിച്ചീട്ടമ-
ത്തള്ളിപ്പിടിച്ചിട്ടും ചുററുപാടൊക്കെയും.
രണ്ടു വാരിക്കമ്പു, മാറുകീറോലയും—
കൊണ്ടടങ്ങുന്നതല്ലത്തീ, യതോക്കണം!
ദാഹിച്ചു ദാഹിച്ചുയരുമാ ജ്വാലകൾ—
ക്കാഹാരമാകാത്ത മേടയില്ലോക്കണം!
വാളെന്തുകാട്ടുവാൻ തീയോടു, കഷ്ടമാ—
വാളും ക്ഷണമഗ്നിദണ്ഡമായ് മാറിടും.

"മാറുമീരീതികൾ, ഞങ്ങളങ്ങോട്ടൊന്നു–
കേറട്ടെ"—യെന്നൊക്കെയോതിയ കൂട്ടരേ!
ആറിത്തണുക്കുമീത്തീയാകെ നാളെയെ–
ന്നായിരം വട്ടം പറഞ്ഞ നേതാക്കളെ!
നാളെ—യാ'നാളെ'—വരുന്നതെന്നാണിനി—
ക്കാളും വിശപ്പുത്രകാലം പൊറുക്കുമോ?

# മുഹൂർത്തം

ഭ്രാന്തിയല്ലതാവന്ദേ–
        മാതരം പാടിപ്പാടി–
പ്പൊന്തുന്നു വിയത്തിലേ–
        ക്കായിരം പികാളികൾ!

ഉന്നതസ്തംഭങ്ങളിൽ
        സാമ്രാജ്യക്കൊടിക്കൂറ
മിന്നിയതെല്ലാമെല്ലാം
        മണ്ണിൽ വീണടിയുന്നു!

ചങ്ങലപൊട്ടിപ്പൊട്ടി–
        യെമ്പാടും തെറിക്കുന്നു
തുംഗമാംകാരാഗാര–
        ഭിത്തികൾ പിളക്കുന്നു!

മാതൃഭൂമിതൻബലി–
        വേദിയിലഭിമാന-
ചേതസാ നിണബിന്ദു
        പുഞ്ചിരി പൊഴിക്കുന്നു.

ശക്തിയും ഡംഭുംകൊണ്ടു
        ബീഭത്സം ഭാവിച്ചതാം
വക്ത്രങ്ങൾ ദയനീയ
        ശാന്തത ധരിക്കുന്നു.

---

ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ച ആഗസ്റ്റ് 15-ാംനു അദ്ധരാത്രിയിലെ ആ അനർഘമുഹൂർത്തമാണു് ഈ കവിതക്കു് ആധാരം.

സന്തതം കുതന്ത്രവും
മറ്റന വിധങ്ങളും
പന്തിയല്ലിനിയെന്നു
ഭാണ്ഡങ്ങൾ മുറുക്കുന്നു.

അക്രമരാഹിത്യത്തി-
ന്നായുധം വച്ചിട്ടിതാ
വിക്രമന്മാരെല്ലാരും
വിശ്രമം കാംക്ഷിക്കുന്നു.

സ്വാതന്ത്ര്യകുതുകികൾ
ഭാരതസുഹൃത്തുക്കൾ
സാദരമാഹ്ലാദത്തിൻ
സന്ദേശമയയ്ക്കുന്നു.

ഞാനൊരു കൃമിയാകി-
ലെന്തുതാനെനിക്കിന്നു
മാനമുണ്ടടിമയ-
ല്ലിന്നു ഞാൻ സ്വതന്ത്രനായ്.

മിന്നൽ വാളുലച്ചൊരു
വിപ്ലവമെത്തും മുമ്പീ-
മന്നിൽ വന്നുയന്നതാം
മംഗളമുഹൂർത്തമേ!

വാതിൽക്കൽ നിൽക്കുംനിന്നെ-
യെതിരേൽക്കുവാനൊരു
ജ്ജാതിതൻ വടംവലി
കൂടാതെ കഴിഞ്ഞെങ്കിൽ!

3638

# ഉയിൎത്തെഴുനേൽപ്പ്

ഇരുളിൻെറ കരിമ്പടംപുതച്ചുറങ്ങും
ഭാരതവസുന്ധരേ, മിഴിതുറക്കു!
മതിമതി മതത്തിൻെറ കിനാവുകണ്ടു
മാദകലഹരിയിൽ ലയിച്ചതെല്ലാം
മതിമതി ഹിംസതൻ നഖങ്ങൾകൊണ്ടു
തന്നത്താൻമാന്തിയതംഗമെല്ലാം
സമയത്തിനുദയാദ്രിത്തലപ്പിലായി
ത്യാഗത്തിൻ കുങ്കുമമുകിൽ നിരന്നു
അകമേറ്റംതുടിച്ചുകൊണ്ടവിടെനിൽപ്പൂ
അകമ്പടിക്കഞ്ചൊരുതാരകങ്ങൾ
എഴുന്നള്ളത്തറിയിക്കും‘വിസിൽ’വിളിച്ചു
കിളികുലം കളകളംപെയ്തിടുന്നു
തരുക്കളിൽമുകുളങ്ങൾ കൺമിഴിച്ചു
പരത്തുന്നിതാകാംക്ഷാപരിമളങ്ങൾ
വിതലമാംവൎഗ്ഗീയക്കുരിശിലേക്കീ—
യുഗത്തിൻെറദേവനെവലിച്ചുകേററി
ഒരുമഹാപാതകംചെയ്തുപോയ
ദിവസത്തിൻസ്മരണയാൽ മനമുരുകി
വിശ്വത്തിൻവീക്ഷണത്തിൽ വിറങ്ങലിക്കും
ഭാരതവസുന്ധരേ, മിഴിതുറക്കു!
മറക്കുവാൻ, സഹിക്കുവാൻകഴിവെഴുന്ന
മനുഷ്യത്വമുടലാൎന്ന ഗാന്ധിദേവൻ
അവിടുത്തെ നിൎമ്മാണപദ്ധതിയാ—
മശ്വങ്ങൾ പതിനൊന്നു വലിക്കും തേരിൽ

ഉയരത്തിലേറെഴുതാവരുണ്ടുമുദിച്ചുപൊങ്ങി
ഭക്തിതൻവിഹായസ്സിലുദിച്ചുപൊങ്ങി
മറക്കുക മറക്കുക മതവിദ്വേഷം
വന്നുപോയ്, വന്നുപോയ് ഭദ്രദീപം
സമത്വത്തിൻസുനിർമ്മലസമതലത്തിൽ
സേവനംവിരിച്ചിട്ടപുൽപ്പരപ്പിൽ,
ഹൃദയമാം ചക്കയിൽ സൗഹൃദത്തിൻ
കതിരുകൾ വിളയിക്കും നല്ലനല്ലോൻ
ഇരുളിൻെറ കരിമ്പടംപുതച്ചുറങ്ങും
ഭാരതവസുന്ധരേ, മിഴിതുറക്കൂ!

KOTTAYAM PUBLIC LIBRARY
KOTTAYAM.

## 'നേതാജി'

അരികൾതൻദയയ്ക്കടിമയെവിട്ടി–
ട്ടെരിഞ്ഞവാണംപോൽ മടങ്ങി വീരന്മാർ!
അവർപൊരുതിയതവർക്കുവേണ്ടിയ–
ല്ലവമതിയിതുസഹിച്ചതില്ലവർ!
അവിടെയപ്പൊഴുതുദിച്ചു, സ്വാതന്ത്ര്യ–
നവാവതാരമാം യുവവീരസിംഹം!
ഹൃദയത്തിൻഭാഷ മുഴങ്ങിയെമ്പാടു;–
മതിലലിഞ്ഞുപോയടിമകളെല്ലാം.
സ്വകീയജീവിതം, ബലിനല്കി,യതിൻ–
പകരം സ്വാതന്ത്ര്യം ലഭിക്കുവാൻവേണ്ടി
സലിലധാരപോലണഞ്ഞുയോധന്മാർ
'ചലോ ദില്ലി'യെന്നു വിളിച്ചുകൂട്ടമായ്!
നിണംനിണത്തിനെ വിളിപ്പതുകേട്ടാ–
ലുണരാതാരുള്ളൂ മനുഷ്യജാതിയിൽ!
അശിക്കുവാൻ പുല്ലും, ശയിക്കുവാൻ മുള്ളും;
അശക്തിതോന്നിയില്ലവർക്കുലേശവും.
അരിഞ്ഞുവൈരിയെ നിലത്തു വീഴ്ത്തവേ
മരിച്ചുസ്വാതന്ത്ര്യ് സരണിയിൽ പലർ
അവരുടെ രക്തസുമങ്ങളല്ലല്ലീ
നവാഭമീനാട്ടിൽ പരിലസിക്കുന്നു?
നിജജനനിയെ സ്വതന്ത്രയാക്കുവാ–
നജയ്യശക്തിയോടെതിർക്കും യജ്ഞത്തെ
മടിച്ചതില്ലൊററിക്കൊടുക്കുവാൻ, കുലം
കെടുത്തുവോ,രയ്യോ മനുഷ്യരല്ലവർ!

മറഞ്ഞു 'നേതാജി';മരിച്ചെന്നും ചിലർ;
മറിമായമെന്തെന്നറിഞ്ഞതില്ല നാം!
അവിടു,ന്നീശ്വരാ,മരിക്കയോ?—നമ്മൾ—
ക്കവിശ്വസിക്കാനേ കഴിയൂ, നിശ്ചയം!
സ്വരാജ്യസേവയ്ക്കായുഴിഞ്ഞുവച്ചോരാ—
പ്പരമപാവനസുധീരജീവിതം
സിരകളിൽരക്തംതിളയ്ക്കുമാറെങ്ങൾ—
ക്കരുളിയുജ്ജ്വല'ജയഹിന്ദാം' മന്ത്രം!
മരിച്ചതങ്ങല്ല, മദാന്ധസാമ്രാജ്യ—
ഭരണമാണ,ങ്ങുന്നമരനല്ലയോ?

# ചക്രഗാഥ

സ്വാതന്ത്ര്യത്തിൻ തേരൊലിപോലെ
വീരത്വത്തിൻ ഞാണൊലിപോലെ
ദാരിദ്ര്യത്തിൻ നിലവിളിയകലാൻ
തിരിയാവൂ നീയെൻ റാട്ടേ!

നീതിയുണർത്തും ശംഖൊലിപോലെ
'ഗീത'പൊഴിക്കും മാറെറാലിപോലെ
അടിമത്തത്തിൻ ശൃംഖലതകരാൻ
തിരിയാവൂ നീയെൻ റാട്ടേ!

ജാതിവഴക്കാൽ സ്വാതന്ത്ര്യത്തിൻ
പാതവിലക്കും മക്കളെയെല്ലാം
ഒരു ചരടിൽത്താൻ കൂട്ടിയിണക്കാൻ
തിരിയാവൂ നീയെൻ റാട്ടേ!

പാഞ്ഞുനടക്കും പഞ്ഞികൾ കൂടി
പാൽക്കതിർ നൂലുകളാവും പോലെ
നാട്ടാരൊക്കെയുമൊത്തൊരുമിപ്പാൻ
തിരിയാവൂ നീയെൻ റാട്ടേ!

ആനന്ദത്തിൻ വാര്രൊളിപോലെ
ഭാരതമാതിൻ പുഞ്ചിരിപോലെ
കാണ്മവർ കാണ്മവർ കരളലിയിക്കാൻ
തിരിയാവൂ നീയെൻ റാട്ടേ!!

# ബാലപാഠം

അവനെയെന്നും കാത്തിരിക്കു-
മവിടെ രണ്ടുകണ്ണിണകൾ;
പഴയരിയും പർപ്പടവു-
മൊഴിയുമാറില്ലുറിയിൽ നിന്നും;
ചിലദിവസം പഞ്ഞംമൂലം
തളരുമവരെന്നാൽപോലും.
അവനുവേണ്ടികരുതിവച്ച-
തവിടെത്തന്നെ കാത്തിരിക്കും.

മകനെയൊന്നു കാണാതെത്ര
പകൽകഴിഞ്ഞെന്നോക്കുംനേരം
ചുളികളുടെ ചാലിൽക്കൂടി
ജലകണങ്ങൾ വാർന്നുപോകും.
"പൊന്നമ്പ്രാക്കൾ വേണമെങ്കി-
ലെന്നെക്കൂടെക്കൊണ്ടുപോട്ടെ"
അരികിൽ നിൽക്കും കിഴവികേൾക്കെ-
പ്പറയുമേവമാപ്പുലയൻ.
അറുപതിനുമപ്പുറത്താ-
യിരുവരവർ ദമ്പതികൾ,
ചോതി—യവർതൻകിടാത്തൻ—
പോയിച്ചേർന്നു പട്ടാളത്തിൽ.
അവനില്ലാത്ത കുടിലവർക്കു
ശവകുടീരംപോലെ തോന്നി.

34846

KOTTAYAM PUBLIC LIBRARY
KOTTAYAM.

ഒരുദിവസമുച്ചനേരം
കിഴവനൊരു കത്തുകിട്ടി.
അയൽവക്കത്തെക്കൊച്ചുതമ്പ്രാ–
നതു വായിച്ചു പൊരുൾതിരിച്ചു.
"അവനവിടെസ്സുഖമാണത്രെ
അവധികിട്ടാൻ പണിയാണത്രെ.
എവിടെയാണുപാർക്കുവതെ–
ന്നെഴുതുവാനും വയ്യാപോലും.
അമ്മയേയുമച്ഛനേയും
കാണ്മാനേറെക്കൊതിയാണത്രേ.
എഴുതുവാനും വായിക്കാനും
കഴിവില്ലാത്തകഷ്ടപ്പാടാൽ
കത്തെഴുതാനാളെത്തേടി
ഇത്രനാളും ബുദ്ധിമുട്ടി.
ഒടുവിലൊരുകൊച്ചുതമ്പ്രാ–
നൊരുവിധത്തിൽ സമ്മതിച്ചു.
ഇനിയാരാനും കരുണചെയ്താ–
ലിതുപോലൊരു കത്തയയ്ക്കാം."

മനമുരുകി നിലവിളിച്ചു
മകനെയോർത്താ ദമ്പതികൾ.

ഉദയമാവും മുമ്പുതന്നെ
നുകവുമേന്തി വയലിലെത്തി,
വരിവരിയായെഴുതലത്രേ
ചെറുമനുള്ള ബാലപാഠം!

34946

# പാപത്തിൻെറ പണ്ടം

## (നാടകീയലഘുകാവ്യം)

[എരിഞ്ഞടങ്ങുന്ന സന്ധ്യാസമയം. വിജനമായ കടൽപ്പുറത്തു് ഒരു സുമുഖനായ യുവാവു് ചിന്താമഗ്നനായി ഉലാത്തുന്നു. കൈയിൽ ഒരു കുഞ്ഞിനേയും പേറിക്കൊണ്ടു് ഒരു പെൺകോലം അയാളുടെ പിന്നാലേ ഓടി എത്തുന്നു.]

സ്ത്രീ

നില്ക്കണേ, ദൈവത്തെയോർത്തച്ഛനെക്കാണാൻ വെമ്പു-
മിക്കുഞ്ഞിൻമുഖത്തേയ്ക്കാ നേത്രമൊന്നയയ്ക്കണേ!
എന്നെ വിസ്മരിച്ചേക്കൂ—നാരിയായ് പിറന്നഞാ-
നെന്നുമീയിഴലിൻെറ ചൂളയിൽ ദഹിക്കണം.
വിശ്വസിച്ചതാണെൻെറ കുററ,മാപ്പാപത്തിനു
വേശ്യയെന്നത്രേയെനിക്കോമനപ്പേരുംകിട്ടി.
തെരുവിൻ ദയയ്ക്കായി നീട്ടിനീട്ടിയീക്കുഞ്ഞിൻ
കരളിന്നകംപോലും കാർവണ്ണംപുരണ്ടുപോയ്.
മാപ്പെനിക്കരുളേണമീത്തങ്കക്കുടത്തിനെ-
ക്കുപ്പയിൽക്കിടത്തിയ തെററിന്നു മഹാഭാഗൻ!
ശക്തിയില്ലെനിക്കിനിപ്പോററുവാ,നവിടുത്തെ
രക്തമാണിവ,നങ്ങു സ്വീകരിക്കണേ വേഗം.

യുവാവു്

(സ്വഗതം)

എന്തിതെൻരക്തംപോലും—ഇവളേ,തിതെന്തൊരു
ബന്ധമീപ്പെണ്ണെന്മുന്നിൽ കണ്ണുനീർപൊഴിക്കുവാൻ?

(ഒന്നുകൂടി സൂക്ഷിച്ചുനോക്കിയിട്ട്)

അയ്യയ്യോ പെണ്ണേ, നീയോ? കൈക്കുഞ്ഞിതെന്റേതെന്നോ?
വയ്യെനിക്കൊന്നും, കഷ്ടം ഞാൻ ചെയ്തോരവിവേകം.
രണ്ടരക്കൊല്ലംമുമ്പു—രാത്രി, നീ വരാന്തയിൽ....
കണ്ടില്ല പരസ്പരം പകൽ നാമൊരിക്കലും.
എന്റെ പാപത്തിൻപണ്ടം, എന്റെ ഭോഗത്തിൻചിഹ്നം!
വീണ്ടുമെന്തിനുവന്തു ഞാനിങ്ങോട്ടിതുകാണ്മാൻ.

(കുഞ്ഞിനെ നോക്കിക്കൊണ്ട്)

കവിളുംകാട്ടിക്കൊണ്ടു, നീയെന്നെച്ചിരികൊണ്ടു
കവരാൻതുനിയുന്നു, തങ്കമേ വരുന്നു ഞാൻ.
അമ്മതൻ കണ്ണീർകൊണ്ടു നനഞ്ഞ നിന്മെയ്യെല്ലാ—
മുമ്മവച്ചൊപ്പിക്കൊൾവാനെന്മനം കുതിക്കുന്നു.
വരു,ഞാനെടുക്കട്ടേ തങ്കമേ!—വേണ്ടാ, പൊട്ടി—
ച്ചിരിക്കാനൊരുകൂട്ടരങ്ങുനിന്നണയുന്നു.

(ഭാവം മാറുന്നു.)

എന്റെപൌരുഷം,—എന്റെയാത്മാഭിമാനം കുഞ്ഞേ,
നിന്റെയീക്കരൾകക്കും കമ്രമാം മുഖബിംബം.

(അറിയാതെ ശബ്ദമുയരുന്നു)

എൻകുലീനതയെങ്ങു? നീയെങ്ങുപെണ്ണേ? പോ പോ
നില്ലേണ്ടനീയെൻമുന്നിൽ കൊണ്ടുപോ, വേഗം, വേഗം!

(തിരിഞ്ഞു നടക്കുന്നു. സ്ത്രീ കുഞ്ഞിനെ താഴെക്കിടത്തി. അവളുടെ മാറിടം ഉയൻതാഴന്നുണ്ട്. ആ കുഴിഞ്ഞ കണ്ണുകളിൽനിന്നും കണ്ണുനീർച്ചാലുകൾ ഒഴുകുകയാണ്.)

സ്ത്രീ

(ഗദ്ഗദസ്വരത്തിൽ)

പോകയാണിതാ വേഗം പോകയാണിപ്പെതലി—
ന്നേകമാമവലംബമങ്ങുതാനിനിപ്പാരിൽ.

(കുഞ്ഞിനെ മുകന്നുകൊണ്ട്)

അമ്മയെനിനച്ചിനിയെന്മകൻ കരയൊല്ലേ
കണ്മണി, നിന്നെപ്പെററപാപിയെ മറന്നേക്കൂ.

(മിന്നൽവേഗത്തിൽ പാഞ്ഞു് കടലിൽ ചാട്ടുന്നു. യുവാവു് നട്ടുങ്ങി തിരിഞ്ഞുനോക്കുന്നു.)

യുവാവ്

ചതിച്ചോ മഹാപാപി! കഷ്ടമീമണൽത്തട്ടി-
ലിതിനേയുപേക്ഷിച്ചു നീ പോയിത്തുലഞ്ഞുവോ...
കരഞ്ഞുകരഞ്ഞിതിൻ നാവടച്ചല്ലോ—കുഞ്ഞേ,
കരയാതിരിക്കണേ താരാട്ടുപാടാമച്ഛൻ.

(വാത്സല്യപൂരിതമായിരുന്ന മുഖം പെട്ടെന്നു ചിന്താകുലമായി മാറുന്നു. അവമാനഭീതിയുടെ നിഴൽ വീശുകയായി അവിടെ.)

ഞാനുമെന്നരികത്തീക്കുഞ്ഞും! ഇതാരാൻവന്നു-
കാണുവാനിടയായാൽ—വേണ്ട, ഞാനോടിപ്പോട്ടേ.

(ഓട്ടുന്നു. കുഞ്ഞിൻെറ ദയനീയമായ കരച്ചിൽ ആ പിതാവിനെ സ്തംഭിപ്പിച്ചുകളയുന്നു.)

എൻകുഞ്ഞു കരയുന്നു, ഞാനെന്തുചെയ്യും ധർമ്മ-
സങ്കടമയ്യോ! ഞാനെൻ ജീവിതം തുലച്ചാലോ?

(വിചാരസമരത്തിൻെറ ലക്ഷണങ്ങൾ ആ മുഖത്തു കാണാം.)

ജീവിതം, മധുരമാം ജീവിതമൊരു ശുഷ്ക-
ജീവിക്കായ്, മനോജ്ഞമെൻ ജീവിതം തുലയ്ക്കാനോ?

(അയാൾ ഒരു പിശാചായി മാറിക്കഴിഞ്ഞു)

ഉരുളും, പിടയ്ക്കും, നീ കരയുമല്ലേടാ?—ഞാൻ
വരുന്നു—വരുന്നെടാ—നീയിനിക്കരയേണ്ടാ!
എന്റെ പാപത്തിൻപണ്ടം!—എന്റെ ഭോഗത്തിൻചിഹ്നം!
എന്റെ ദൗർബല്യത്തിന്റെ ജീവത്താം സമാഹാരം!

(കുട്ടിയെ തുറിച്ചു നോക്കുന്നു.)

എൻെറ രക്തമാണത്രേ!—എൻെറ രക്തമേ, മേലിൽ
നിൻെറ ശബ്ദത്താൽ വായുമണ്ഡലം ദൂഷിക്കേണ്ടാ!

(കാല്യയത്തി കുട്ടിയെ ഊക്കോടെ ചവിട്ടുന്നു. ഒരു ദയനീയ ശബ്ദം—അതിൻെറ അവസാനത്തെ പിടച്ചിൽ—ആ പിഞ്ചുശരീരം മരവിച്ചുകഴിഞ്ഞു. അയാൾ ആ ജഡത്തെ കൈയിൽ തൂക്കിപ്പിടിച്ചിരിക്കുന്നു.)

നീയോടാ വിറയ്ക്കുന്ന,തെൻകൈയേ!—പോ,പോ,നിന്റെ
തായതൻ മടിത്തട്ടിലന്ത്യവിശ്രമം കൊൾവാൻ!

(ആ ജഡം കടലിലേയ്ക്കെറിഞ്ഞിട്ട് അയാൾ എങ്ങോട്ടോ ഓടിമറഞ്ഞു. അടുത്തദിവസം മദ്ധ്യാഹ്നത്തിൽ നഗരത്തിൻെറ പ്രധാനവീഥിയിൽ ഒരു ഭ്രാന്തൻ ഇങ്ങനെ ജല്പിച്ചുകൊണ്ടു നടന്നുപോകുന്നതു പലരും കണ്ടു.)

വിളിച്ചോ?—എന്നെയാരാൻവിളിച്ചോ?—നിങ്ങളെന്നെ
വിളിച്ചോ?—വരാമെൻെറ കുഞ്ഞിനെത്തരാമെങ്കിൽ!

## 'അവളുടെ ക്രൂടോത്രം'

"പുത്തി കെട്ടത്തും വെള്ളം മോന്താൻ
'പുത്തൻ'കൊണ്ടു മുടിച്ചാലോ?"

"മുട്ടൻവെട്ടിപ്പണിയുന്നോക്കിത്തു
മുട്ടിപ്പോയാലുശിരൊണ്ടോ?"

"ഉള്ളതു മുഴവൻ കള്ളുകുടിച്ചാൽ
വെള്ളപ്പൊക്കം വന്നാലോ?"

"കന്നിക്കൊയ്ത്തിനു കറ്റമെതിച്ചാൽ
പിന്നേം തമ്പ്രാൻ തരുമല്ലോ?"

"അത്രേംനാളും പഞ്ഞംനിന്നാൽ
ദണ്ണോം ദീനോം വന്നാലോ?"

"തൈവംതമ്പ്രാൻ കണ്ണുതുറന്നാൽ
ദണ്ണോം ദീനോം പോമല്ലോ."

"മറുതല പറയാനറിയാ,മന്നം
ചെല്ലാണ്ടായാലറിയാലോ."

"കഞ്ഞി കുടിക്കാനില്ലാഞ്ഞാലും
കള്ളില്ലെങ്കിൽ പരവേശം."

"തള്ളേം പിള്ളേ,മിങ്ങനെയായാ,—
ലൊള്ളതു പറയാ, മറുതിവരും."

"ആയുസ്സൊണ്ടേൽ ചാക്കില്ലിങ്ങനെ
വായാടിത്തം പറയാതെ."

3638

"കണ്ണും തലയുമിരുട്ടിച്ചേനീ—
കണ്ണീർതന്നെ കുടിച്ചോളാം."

"ഞാനൊരു കാശിനു മോന്തിപ്പോയാ—
ലവളുടെ കണ്ണിൽ മടവീഴും."

"കള്ളൊണ്ടാക്കിയ കാലന്മാരുടെ—
യെല്ലാം നിറുകയിലിടിവീഴും."

"നാവുവളച്ചിതു പറയാനും, പി—
ന്നിടി വന്നയ്യോ വീഴാനും!"

"മുകളിലൊരുത്തനിരുപ്പൊണ്ടല്ലോ
കണ്ണു തുറന്നിതു കാണാനും."

"തൈവം പോലും കള്ളുകുടിക്കും
വാവുന്നാളിൽ മൂക്കോളം."

"കള്ളു കുടിപ്പോരൊക്കെത്തൈവം
പിന്നേ, കേട്ടോ, ഞാൻ തോററൂ."

"ഇത്തിരിനേരം മിഴിക്കുട്ടട്ടേ
ഇത്ര ചിലച്ചതു മതിയല്ലോ."

"തൈവം തമ്പ്രാനൊണ്ടേലിന്നീ—
മേറെക്കാലം മോന്തില്ലാ"

ii

"കഞ്ഞിവിളമ്പി;—വിളിച്ചിട്ടെന്തേ
പിന്നേം പിന്നേം മിണ്ടാത്തൂ?"

"കഞ്ഞികുടിക്കാൻ!—വേണ്ടാ വേണ്ടാ,
അതിലും കാണും കൂടോത്രം"

"ഇങ്ങനെയൊക്കെപ്പറയാണ്ടെന്നെ
ഒറ്റത്തല്ലിന്നു കൊന്നേരേ"

"അതു ഞാനോക്കാഞ്ഞതല്ലേടി പെണ്ണേ!
മറുതായാകും കൊന്നാലും"

"ഏന്നിതിനെന്തു പിഴച്ചു, നേരേ
മനതിലിരിപ്പു പറഞ്ഞേരേ"

"എങ്കിലുമിത്ര കട്ടത്തതു ചെയ്യാ—
നെങ്ങനെ തോന്നീ, മാപാപീ!"

"ചെയ്യതുതുകൂടെപ്പറയാനേ പി—
ന്നിങ്ങനെയൊണ്ടോ കിണ്ണാണം!"

"ഷാപ്പുകളൊക്കെപ്പൂട്ടിയകത്തെ
കോപ്പയുണക്കീ കൂടോത്രം!"

"നാളെച്ചെന്നു പുളിച്ചുപതഞ്ഞതു
നീളെ നടന്നു കുടിച്ചോണം"

"നാട്ടിൽ മരുന്നിനു തുള്ളിയൊരിക്കലു—
മില്ലെന്നാക്കീ കൂടോത്രം!"

"തെങ്ങും പനയും തീരുംവരെയും
കള്ളുകുടിച്ചു നടക്കാലോ!"

"ചെത്തും കുറ്റം, കുടിയും കുറ്റമി—
തൊക്കേം നിന്നുടെ കൂടോത്രം!"

"അത്രേയൊള്ളോ?—കൊള്ളാമെന്നാൽ,
കണ്ണു തുറന്നു ദൈവങ്ങൾ!"

# ഓണക്കാഴ്ച

അകലെനിന്ന കരിമുകിൽത്ത—
ന്നകമലിഞ്ഞ കണ്ണുനീരിൽ
തരുലതകൾ കുളികഴിഞ്ഞു
തനുവിലാകെത്തളിരണിഞ്ഞു;
നിറമെഴുന്ന മഞ്ജരികൾ
നിറുകയിലും ചൂടിനിന്നു.
അവിടവിടെക്കാണാമേറെ
അവനതമാം തൈമരങ്ങൾ;—
ചിങ്ങമാസപ്പൊൻവെയിലിൻ
മംഗലമാം മന്ദഹാസം,
മലയാളത്തിലെങ്ങുമെങ്ങും
മനമലിക്കും ശ്രീവിലാസം,
അതിനിടയിലങ്ങുനില്ക്കും
പതിതരെയിന്നാരുനോക്കാൻ.
    ചിറയിലുള്ള തൻകുടിലിൽ
'കരിമ'നിരുന്നാലോചിച്ചു;
തൊടികൾതോറും പൂക്കൾതേടി—
ച്ചോടിയെഴുന്ന ബാലകന്മാർ
തിരുവോണത്തെസ്സല്ക്കരിക്കാൻ
'പിരുപിരുത്തു'സഞ്ചരിക്കെ,
ഓണനാളിലൂയലാടാൻ
മാനിനിമാർ കാത്തിരിക്കെ,
ചിറയിലുള്ള തൻ കുടിലിൽ
കരിമനിരുന്നാലോചിച്ചു:

"തമ്പുരാന്റെ മുറ്റത്തിപ്പോ-
ളൊരുപാട്ടപേർ വന്നുകാണും
ഓണക്കാഴ്ച വച്ചെല്ലാരും
താണുകുപ്പി നില്ക്കയാവാം.
ഞാനെവിടെപ്പോകുമൊരു
ചേനയെങ്ങാൻ കാഴ്ചവയ്ക്കാൻ!
കാര്യസ്ഥന്നു കോപംവന്നാൽ
കാര്യമെല്ലാം മാറുമപ്പോൾ;
അന്നുതൊട്ടു പെരുവഴിയിൽ
തന്നെവേണമന്തിപോക്കാൻ!..."
വെണ്ണുനീറും വെയിലിലൂടെ
ചിന്നും മഴത്തുള്ളികളാൽ
അടിമകൾ തന്നന്തരംഗ-
സ്ഥിതിപകൎത്തിയന്തരീക്ഷം!

* * *

"താലിയിങ്ങുതന്നേ പെണ്ണേ
നാളെ'മൂല'മായിപ്പോയി
തമ്പുരാനു കാഴ്ചവയ്ക്കാൻ
നമ്മളിനി വൈകിക്കൂടാ."
തഴയൊരുക്കിക്കൊണ്ടിരിക്കു-
'മഴകി''യിതു കേട്ടനേരം,
അവളുടയ മാനസത്തി-
ലറിയാതൊരു മിന്നൽപാഞ്ഞു;
മൂന്നുകൊല്ലം മുമ്പൊരിക്കൽ
'മൂപ്പ'ന്മാരും, ചാൎച്ചക്കാരും
കൂടിനില്ക്കും പന്തലിലേ-
ക്കാരോ തന്നെയാനയിക്കെ,

വെമ്പലാന്ന നിലവിളക്കിൻ
പിമ്പിലവൾ ചെന്നിരിക്കെ,
കരിമനപ്പോൾ വരുതികേട്ട
വിറയലോടെ താലിചാത്തി.
അവളതെല്ലാ മോത്തുപോയി
അവൾനട്ടങ്ങി നിന്നുപോയി,
സന്തപിക്കുമമ്മയ്ക്കൊരു
സന്താനത്തിൻ പുഞ്ചിരിപോൽ
തൻകഴുത്തിൽ മിന്നിനില്ക്കും
തങ്കത്താലിവേണമത്രേ!
ഒരുനിമിഷം!—ഒരുനിമിഷം! —
കരിമനതു കൈയിലാക്കി!
പടിയിറങ്ങും പതിയെനോക്കി
പതിതയവൾ കണ്ണീർവാത്തു.

KOTTAYAM PUBLIC LIBRARY
KOTTAYAM

# കള്ളനാണയം

ഇഷ്ടമാണെങ്കിലീനാണയം സൂക്ഷിക്കാം
നേട്ടമായില്ലെനിക്കൊന്നും വേറെ
ഒട്ടേറെമിന്നുന്ന നാണയം കണ്ടവർ
തട്ടിയെറിഞ്ഞുകളഞ്ഞതമൂലം,
പൊട്ടിയും തേമ്പിയും നാശമാല്പോകയാൽ
നഷ്ടമായിന്നിതിൻ ചന്തമെല്ലാം.
അച്ചിനും പുള്ളിക്കും കേടില്ലെന്നാകിലു-
മൊച്ചയിലല്പമിടച്ച്പറ്റി.
മററുള്ള തുട്ടിന്റെ ലോഹക്കൂട്ടാണിതും
പൊട്ടിച്ചുനോക്കിയാൽ തിട്ടമാവും;
ആ മഹാസാഹസം ചെയ്യേണമെങ്കിലോ
താമസംവേണ്ടതും ചെയ്യുതന്നെ.
വിശ്വസിക്കാത്തൊരവസ്ഥയേക്കാളു മ-
ക്കൾക്കു ശോധനയെത്ര ഭേദം!
കമ്പോളക്കാർക്കെല്ലാം കണ്ടാൽ കലിവരും
ചെമ്പുതുട്ടാണെന്റെ യേകമൂല്യം;
ഞാനതുനീട്ടിയാൽ, വാങ്ങാൻമടിച്ചാലും
നാണക്കേടില്ലതിലെന്തുകൊണ്ടും.
എങ്ങുമീനാണയം കാട്ടാതിരുന്നു ഞാൻ;
നിങ്ങളെന്നാലതു കൈക്കലാക്കി
താഴെയടിച്ചതിൻ ശബ്ദംശ്രവിച്ചിട്ടും
പാഴെന്നു നിങ്ങൾ പറഞ്ഞതില്ല.

[illegible]ണ്ണത്തിൻ വൈകൃതം കണ്ടിട്ടും നിങ്ങൾക്കു
മണ്ണിലെറിയുവാൻ തോന്നിയില്ലാ.
എങ്കിലുമൊന്നാണപേക്ഷയിതിനുള്ളിൽ
പങ്കമുണ്ടെന്നാരാനോതിപ്പോയാൽ,
തെറ്റിദ്ധരിക്കൊല്ലേ, നിങ്ങൾക്കീനാണയം
വെട്ടിപ്പൊളിക്കാം പൊരുളറിയാൻ.

★

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. MA-10 Acc No. 3638

This book should be returned on or before the date last stamped below.

3638

MA-10

അന്നങ്ങൾ

ദീപാവലി

3638